(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അയൽ സംസ്ഥാനങ്ങളുടെ അനധികൃത വെള്ളം കടത്തൽ

1 [311] *ശ്രീ. രാജു എബ്രഹാം* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ മുന്നാംഘട്ടമായ കല്ലാർ ഡാം എവിടെയാണ് സ്ഥിതി ചെയ്യുന്നത്;

(ബി) കല്ലാർ ഡാമിൽ നിന്നും തമിഴ്നാട് വെള്ളം ഊറ്റാനായി ശ്രമം നടത്തുന്നതായി മുമ്പ് മാധ്യമങ്ങളിൽ വാർത്ത വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ.

(ബി) ഉണ്ട്.

വൈദ്യുതി നിയമം — 2003

2 [312] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:*

„ *എ. കെ. ബാലൻ:*

„ *പി. ജയരാജൻ:*

„ *ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിയമം – 2003 സംബന്ധിച്ച് വരുന്ന പാർലമെന്റ് സമ്മേളനത്തിൽ ഭേദഗതി കൊണ്ടുവരുമെന്ന കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ പ്രഖ്യാപനം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമം കേരളത്തിലെ വിവിധ വിഭാഗം വൈദ്യുതി ഉപഭോക്താക്കളെയും ഗവൺമെന്റ് നയപരിപാടികളെയും എപ്രകാരം ബാധിക്കുമെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുത ബോർഡിന്റെ ഘടനാപരമായ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന്റെ ഗുണദോഷങ്ങൾ ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) വൈദ്യുത മേഖല ഉരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ഉതകുന്നവിധം

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത നിയമത്തിന് ഭേദഗതികൾ നിർദ്ദേശിക്കണമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ആവശ്യപ്പെടുന്ന എല്ലാവർക്കും വൈദ്യുതി ഒരു നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കുക എന്ന ബാദ്ധ്യത ലൈസൻസിയെയും, വൈദ്യുതി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ചെലവാകുന്ന തുക മുഴുവൻ ഈടാക്കുന്ന രീതിയിൽ വൈദ്യുതി വില നൽകേണ്ടിവരുമെന്നത് ഉപഭോക്താക്കളേയും ബാധിക്കുന്ന കാര്യങ്ങളാണ്. വില നിശ്ചയിക്കുന്നതിനുള്ള പൂർണ്ണ അധികാരം റഗുലേറ്ററി കമ്മീഷനാണ്. നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കാൻ സർക്കാരിന് അധികാരമുണ്ട്.

(സി) വൈദ്യുതി നിയമം – 2003 പൂർണ്ണമായി നടപ്പാക്കുമ്പോൾ വൈദ്യുതി ബോർഡുകൾ ഇല്ലാതാവുകയും ആ സ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയോ, സഹകാര്യ കമ്പനിയോ, കമ്പനികളോ നിലവിൽ വരുകയും ചെയ്യും. ഈ കമ്പനി/കമ്പനികൾ വൈദ്യുതി ബോർഡ് നിർവ്വഹിച്ചു വരുന്ന കടമകൾ തുടർന്നും നിർവ്വഹിക്കുന്നതാണ്.

(ഡി) വൈദ്യുത മേഖല ഒരേ ഘടനയുടെ കൺകറന്റ് ലിസ്റ്റിലെ 38-ാമത്തെ ഐറ്റമാണ്. ആയതിനാൽ സംസ്ഥാനസർക്കാരിന് പുതിയ നിയമമോ നിലവിലിരിക്കുന്ന നിയമത്തിന് ഭേദഗതികളോ ഉണ്ടാക്കാവുന്നതാണ്. എന്നാൽ ഇത് ദേശീയ നിയമത്തിന് എതിരാവാൻ പാടില്ല. കൂടാതെ പ്രസിഡന്റിന്റെ അംഗീകാരവും ആവശ്യമാണ്. പ്രസ്തുത വിഷയത്തിൽ (മോഷണം തടയാനുള്ള വകുപ്പുകൾ ശക്തമാക്കൽ) ഒരു നിയമമുണ്ടാക്കുന്ന കാര്യം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുണ്ട്.

വൈദ്യുതി ബോർഡിലെ നിയമനം

3 [313] *ശ്രീ. കെ. ബാബു:*

,, *എം. മുരളി:*

,, *പി. ടി. തോമസ്:*

,, *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് വൈദ്യുതി ബോർഡിൽ എത്ര നിയമനങ്ങൾ നടത്തി;

LIBRARY ARCHIVES Kerala Legislative Assembly